ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

155 (5240) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. ബി. സത്യൻ :

ശ്രീ. ജി. സുധാകരൻ :

പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമിക്കായി അപേക്ഷ സമർപ്പിച്ചവരിൽ മഹാഭൂരിപക്ഷം പേർക്കും ഇനിയും ഭൂമി ലഭ്യമായിട്ടില്ല എന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അപേക്ഷകർക്ക് സർക്കാർ അനുവദിച്ചു എന്ന് പറയപ്പെടുന്ന ഭൂമി അപേക്ഷകരിൽ പലർക്കും ഇതേവരെ കണ്ടെത്താനായിട്ടില്ല എന്ന വസ്തുത അറിവുള്ളതാണോ ;

(സി) അപേക്ഷകരിൽ ഭൂമി കൈവശം വാങ്ങിയവരുടെ യഥാർത്ഥ കണക്ക് ലഭ്യമാക്കാമോ ;

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളായിട്ടാണ് ഭൂമി വിതരണം ചെയ്യുന്നത്. ഒന്നാം ഘട്ടത്തിൽ 14 ജില്ലകളിലുമായി 36491 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒന്നാം ഘട്ടത്തിൽത്തന്നെ ഭൂമി അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ രണ്ടാം ഘട്ടത്തിൽ പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകാൻ തക്കവിധത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) പട്ടയം നൽകിയവർക്ക് ഭൂമിയുടെ കൈവശം വിട്ടുകൊടുക്കുന്ന പ്രവർത്തനം ജില്ലാതലത്തിൽ ത്വരിതഗതിയിൽ നടന്നുവരികയാണ്.

(സി) 30-6-2015-ലെ കണക്കനുസരിച്ച് 24588 പേർക്ക് ഭൂമിയുടെ കൈവശം വിട്ടുകൊടുത്തിട്ടുണ്ട്. പട്ടയം നൽകിക്കഴിഞ്ഞ് ചില പ്ലോട്ടുകൾ സംബന്ധിച്ച് വിവിധ കോടതികളിൽ കേസ്സുകൾ ഉണ്ടായവ ഒഴിച്ചുള്ള ബാക്കി ഗുണഭോക്താക്കൾക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ജില്ലകളിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly